"ഭരണഭാഷ - മാതൃഭാഷ"

NO TO DRUGS

നം:- DGE/17011/2026-QIP2

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം.
തീയതി : 19-09-2026
ഇ-മെയിൽ : supdtqip.dge@kerala.gov.in

**<u>സർക്കുലർ</u>**

വിഷയം:- പൊതുവിദ്യാഭ്യാസം - 2026-27 - സ്കൂളുകളിൽ 'സോഫ്റ്റ്‌വെയർ സ്വാതന്ത്ര്യദിനാചരണം' നടത്തുന്നതു സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന :- 1. 2026-27 അധ്യയനവർഷം അക്കാദമിക് കലണ്ടർ
2. കൈറ്റ്/2026/1131 (1) തീയതി. 17.09.2026 നം കത്ത്

*****

മേൽ സൂചന പ്രകാരം 2026 സെപ്റ്റംബർ മാസത്തിൽ 'സോഫ്റ്റ്‌വെയർ സ്വാതന്ത്ര്യദിനാചരണം' (Software Freedom Day) നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കേരളത്തിലെ എല്ലാ സ്കൂളുകളിലും സെപ്റ്റംബർ 23-ന് രാവിലെ സ്കൂൾ അസംബ്ലിയിൽ 'സോഫ്റ്റ്‌വെയർ സ്വാതന്ത്ര്യദിന'ത്തെക്കുറിച്ച് അനുബന്ധത്തിൽ നൽകിയ പ്രതിജ്ഞ എടുക്കേണ്ടതാണ്.

സോഫ്റ്റ്‌വെയർ സ്വാതന്ത്ര്യദിനാഘോഷത്തി ഭാഗമായി എല്ലാ ജില്ലകളിലെയും സ്കൂളുകളിൽ വിവിധങ്ങളായ ആഘോഷ പരിപാടികൾ (സ്വതന്ത്ര സോഫ്റ്റ്‌വെയർ സംബന്ധമായ പ്രഭാഷണങ്ങൾ, സെമിനാറുകൾ, കുട്ടികൾക്കായുള്ള മറ്റ് പരിപാടികൾ) പരമാവധി അധ്യയന സമയം നഷ്ടപ്പെടാതെ നടത്തേണ്ടതാണ്.

Digitally signed by
Santhosh C A
Date: 19-09-2026
15:36:42

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

സ്വീകർത്താവ്:

1. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്
2. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
3. എല്ലാ പ്രഥമാധ്യാപകർക്കും (ഡി.ഇ.ഒ/എ.ഇ.ഒ മാർ മുഖാന്തിരം)

# <u>സോഫ്റ്റ്‌വെയർ സ്വാതന്ത്ര്യദിന പ്രതിജ്ഞ</u>

ലോകമെങ്ങും സോഫ്റ്റ്‌വെയർ സ്വാതന്ത്ര്യദിനം ആചരിക്കുന്ന ഈ വേളയിൽ, നമ്മൾ ഓരോരുത്തരും സാങ്കേതികവിദ്യയുടെ വെറും ഉപഭോക്താക്കളല്ല, മറിച്ച് അതിന്റെ ഭാവി ശില്പികളാണ് എന്ന് തിരിച്ചറിയുന്നു. ഒരുമിച്ച്, നമ്മൾ ഒരു പ്രതിജ്ഞയെടുക്കുന്നു.

എല്ലാ പുരോഗതിയുടെയും അടിസ്ഥാനം മനുഷ്യൻ പലപ്പോഴായി സ്വായത്തമാക്കിയ അറിവാണ്. തലമുറകളിലൂടെ കൈമാറി വികസിച്ചുവന്ന ആ അറിവ് ഉപയോഗിക്കാനും മെച്ചപ്പെടുത്താനും കൈമാറ്റം ചെയ്യാനും ഏതൊരു വ്യക്തിക്കും അവകാശമുണ്ടായിരിക്കണം എന്ന് ഞാൻ ദൃഢമായി വിശ്വസിക്കുന്നു. അറിവിന്റെ കുത്തകവത്കരണം ഒരു രംഗത്തും ഉണ്ടാകാതിരിക്കാനായി ഞാൻ പ്രയത്നിക്കും. സാങ്കേതികവിദ്യകളുടെ ഭാഗമായ സോഫ്റ്റ്‌വെയറുകളുടെ നിർമ്മാണത്തെ സംബന്ധിക്കുന്ന അറിവുകൾ എല്ലാവർക്കും ഉപയോഗിക്കാനും പഠിക്കാനും മെച്ചപ്പെടുത്താനും കഴിയണമെന്ന് ഞാൻ തിരിച്ചറിയുന്നു. അതിനാൽ എല്ലാത്തരം വിജ്ഞാനത്തിന്റെയും സ്വാതന്ത്ര്യത്തിനായി നിലകൊള്ളുമെന്നും പ്രവർത്തിക്കുമെന്നും ഞങ്ങൾ കൂട്ടായി പ്രതിജ്ഞ ചെയ്യുന്നു.

അധ്യാപകരും രക്ഷിതാക്കളും ഞങ്ങൾക്ക് നൽകുന്ന എല്ലാ അറിവും, തുറന്ന മനസ്സോടെ സ്വീകരിക്കാനും അത് മറ്റുള്ളവരിലേക്ക് പകർന്നുകൊടുക്കാനും ഞങ്ങൾ തയ്യാറാണ്. സൈബർ ലോകത്തിലെ ഉത്തരവാദിത്തബോധമുള്ള പൗരന്മാരാകാനും, സൈബർ സുരക്ഷയെക്കുറിച്ചും സ്വകാര്യതയെക്കുറിച്ചുമുള്ള അറിവുകൾ നേടാനും, സാങ്കേതികവിദ്യയെ സമൂഹത്തിന്റെ നന്മയ്ക്കായി ഉപയോഗിക്കാനും ഞങ്ങൾ പ്രതിജ്ഞയെടുക്കുന്നു.